പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-460 20.10.11- ൽ മറുപടിക്ക്

## നീതിന്യായ സംവിധാനം

ചോദ്യം ഉത്തരം

*460 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, മഞ്ഞളാംകുഴി അലി
,, കെ.എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സാധാരണ ജനങ്ങൾക്ക് ചെലവ് കുറഞ്ഞ രീതിയിലും, വേഗത്തിലും നീതി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഗവൺമെന്റ് കക്ഷിയായ വ്യവഹാരങ്ങളുടെ എണ്ണം കുറയ്ക്കാനും വ്യവഹാരങ്ങളുടെ ശരാശരി കാലപ്പഴക്കം 15 വർഷത്തിൽ നിന്നും 3 വർഷമാക്കാൻവേണ്ടി ഉത്തരവാദിത്വത്തോടെയുള്ള വ്യവഹാരം നടത്തിപ്പിനും സമഗ്രവും സംയോജിതവും സമയബന്ധിതവുമായ കേസ് നടത്തിപ്പിനും മേൽനോട്ടത്തിനും ലക്ഷ്യമിടുന്ന ഒരു വ്യവഹാരനയം മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. ക്ഷേമ നിയമങ്ങൾക്കും സാമൂഹ്യ പരിഷ്ക്കരണത്തിനും ദുർബ്ബല വിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ള മറ്റ് വിഭാഗങ്ങൾക്കും കേസ് നടത്തിപ്പിൽ മുൻഗണന നൽകുന്നതിന് പ്രാധാന്യം കൊടുക്കുന്നതിനും പ്രസ്തുത വ്യവഹാര നയം ലക്ഷ്യമിടുന്നു. എന്നാൽ പ്രസ്തുത വ്യവഹാര നയത്തിന് കൂടുതൽ വ്യക്തതയ്ക്കു വേണ്ടി അഡ്വക്കേറ്റ് ജനറലിന്റെയും ഹൈക്കോടതിയുടെയും അഭിപ്രായത്തിനായി നൽകിയിരിക്കുകയാണ്.<br><br>വേഗത്തിൽ കേസ് തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി അടുത്തകാലത്തായി കുറെയധികം നടപടികൾ എടുത്തു കഴിഞ്ഞു. സംസ്ഥാനത്ത് 74 സായാഹ്ന കോടതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| | | അവയിൽ 3 എണ്ണം പ്രവർത്തിച്ചു തുടങ്ങി. അതുപോലെ 60 ഗ്രാമ ന്യായാലയങ്ങളും സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ ജില്ല കളിലും മീഡിയേഷൻ സെന്ററുകൾ സ്ഥാപിച്ച് ആൾട്ടർനേറ്റീവ് ഡിസ് പ്യൂട്ട് റിഡ്രസൽ സംവിധാനം ശക്തിപ്പെടുത്തും. വിവിധ കേസു കൾ വേഗത്തിൽ പരസ്പര ധാരണാ ടിസ്ഥാനത്തിൽ ഈ സെന്ററുകൾ വഴി തീർപ്പാക്കാൻ സഹായിക്കു മെന്ന് പ്രത്യാശിക്കുന്നു. എല്ലാ ജില്ല കളിലും മീഡിയേറ്റർമാർക്ക് പരി ശീലനം നൽകിത്തുടങ്ങിയിട്ടുണ്ട്.<br><br>കേസ് വേഗത്തിൽ തീർപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാ നത്തെ സിവിൽ കോടതികൾക്കു വേണ്ടി 'കേസ് ഫ്ളോമാനേജ്മെന്റ് റൂൾസ്' നടപ്പാക്കാൻ ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത റൂൾ സർക്കാരിന്റെ പരിഗണനയിലാണ്. ക്രിമിനൽ കോടതികൾക്കായി ഇത്ത രത്തിൽ ഒരു റൂൾ ഹൈക്കോ ടതിയുടെ പരിഗണനയിലുണ്ട്.<br><br>മേൽ പരാമർശിച്ചതു കൂടാതെ, സംസ്ഥാനത്ത് വിവിധ കോടതികളും ട്രിബ്യൂണലുകളും സ്ഥാപിക്കുവാൻ ഹൈക്കോടതി നിർദ്ദേശിക്കുകയും അവയെല്ലാം സർക്കാർ പുറപ്പെടു വിച്ചിരിക്കുന്ന പുതിയ കോടതിക ളുടെയും ട്രൈബ്യൂണലുകളുടെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പി ലാക്കുന്നതുവഴി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറയ്ക്കു വാനും, വേഗത്തിലുള്ള നീതി ഉറപ്പാക്കാനും, നീതിന്യായ വ്യവസ്ഥ യിൽ സമൂല പരിവർത്തനം ഉണ്ടാ ക്കാനും സാധിക്കും. |

| | | |
|---|---|---|
| | | മനുഷ്യാവകാശ സംരക്ഷണം ലക്ഷ്യമാക്കി സാധാരണ ജനങ്ങൾക്ക് ചിലവ് കുറഞ്ഞ രീതിയിലും വേഗത്തിലും നീതി ലഭിക്കുന്നതിന് പര്യാപ്തമായ രീതിയിലാണ് നിലവിൽ മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിച്ചു വരുന്നത്. കൂടാതെ ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനക്കാർക്കും സ്ത്രീകൾ, കുട്ടികൾ തുടങ്ങി മറ്റ് അർഹരായ പലർക്കും സൗജന്യമായി കോടതികളിൽ വ്യവഹാരം നടത്തുന്നതിന് നിലവിൽ ലീഗൽ സർവ്വീസസ് അതോറിറ്റികളിൽ മാർഗ്ഗമുണ്ട്. ഇത് തുടരാൻ ഉദ്ദേശിക്കുന്നു. |
| (ബി) | നിലവിലെ നീതിന്യായ സംവിധാനത്തിൽ എന്തെങ്കിലും പരിഷ്ക്കരണ നടപടികൾ ഇതിനായി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഇതു സംബന്ധിച്ച് ഈ വകുപ്പിൽ ഇപ്പോൾ നടപടികൾ ഒന്നും നിലവിലില്ല. |
| (സി) | നീതി തേടി കോടതികളെ സമീപിക്കുന്നവർക്ക് നീതിക്കായി വളരെനാൾ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെങ്കിലും പുതിയ നടപടികൾ പരിഗണനയിലുണ്ടോ; | നീതിതേടി കോടതികളെ സമീപിക്കുന്നവർക്ക് നീതിക്കായി വളരെനാൾ കാത്തിരിക്കാതെ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ലോക് അദാലത്തുകളിലൂടെ വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയുന്നു. ഇതു തുടർന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഹൈക്കോടതിയിലും, മറ്റ് സബോർഡിനേറ്റ് കോടതികളിലും തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ഇപ്പോൾ ഇതു സംബന്ധിച്ച് ഈ വകുപ്പിൽ നടപടികൾ ഒന്നും നിലവിലില്ല. പ്രസ്തുത വിഷയം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും |
| (ഇ) | നീതിതേടി ജനങ്ങൾ കോടതികളെ സമീപിക്കാൻ നിർബന്ധിതരാക്കുന്ന സാഹചര്യത്തിൽ ഭരണതലത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | നീതി തേടി ജനങ്ങൾ കോടതികളെ സമീപിക്കുന്നതിനു മുൻപ് തന്നെ കാര്യങ്ങൾ തീർപ്പാക്കാനായി കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആൾട്ടർനേറ്റീവ് ഡിസ്പ്യൂട്ട് റെസല്യൂഷൻ സെന്ററുകളിലെ മദ്ധ്യസ്ഥതയും, ലോക് അദാലത്തും വഴി സാധ്യമാവും. |

| | | |
|---|---|---|
| | | ആൾട്ടർനേറ്റീവ് ഡിസ്പ്യൂട്ട് റെസ ല്യൂഷൻ സെന്ററുകൾ സ്ഥാപി ക്കുന്ന നടപടികൾ സംബന്ധിച്ച വിഷയം നിയമ വകുപ്പിൽ പരിഗണി ച്ചുവരികയാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ